പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1447 16-10-2026-ൽ മറുപടിയ്ക്ക്

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ.) പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി:

സംസ്ഥാനത്ത് ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (FPCs) രൂപീകരിക്കുന്നതിനും നിലവിലുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനികളെ ശക്തിപ്പെടുത്തുന്നതിനുമായി കൃഷി വകുപ്പിനു കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. Small Farmers Agribusiness Consortium (SFAC) Kerala മുഖേനയും ഫാം പ്ലാൻ വികസന പദ്ധതിയുടെ ഭാഗമായും കർഷക ഉൽപ്പാദക സംഘടനകൾ രൂപീകരിച്ച് കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, ഉൽപ്പന്ന വികസനം, പാക്കേജിംഗ്, ലേബലിംഗ്, ബ്രാൻഡിംഗ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായവും സാങ്കേതിക പിന്തുണയും നൽകി വരുന്നു.

1) എസ്.എഫ്.എസി-കേരള മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ.

(a) ആർ.കെ.വി.വൈ 2019-20 പദ്ധതി

കർഷക കൂട്ടായ്മകളുടെ രജിസ്ട്രേഷൻ മുതൽ മികവുറ്റ വ്യാപാര സംരംഭങ്ങളായി അവ മാറുന്ന ഘട്ടം വരെ, ടി പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. രജിസ്ട്രേഷൻ, നൂതന കാർഷിക മുറകൾ, സാങ്കേതികമായി മികവുറ്റ വിപണന സമ്പ്രദായങ്ങൾ, നൂതന ബ്രാൻഡിംഗ്, ലേബലിംഗ്, പാക്കേജിംഗ് മുറകൾ തുടങ്ങിയ വിവിധ ഘട്ടങ്ങളിലായി 60 ലക്ഷം രൂപ വരെ ഒരു എഫ്.പി.ഒ.യ്ക്ക് എസ്.എഫ്.എ.സി. വഴി നൽകുന്നു.

RKVY 2019-20 പദ്ധതി പ്രകാരം 14 ജില്ലകളിലായി രൂപീകരിക്കപ്പെട്ട 50 പുതിയ എഫ്.പി.ഒ കൾക്കായി 16 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(b) എസ്.എച്ച്.എം.-എഫ്.പി.ഒ. നൂതന പദ്ധതി അധിഷ്ഠിത സാമ്പത്തിക സഹായം (SHM-MIDH-AAA 2024-25 എഫ്.പി.ഒ പദ്ധതി)

രജിസ്റ്റർ ചെയ്ത 3 വർഷം കഴിഞ്ഞ എഫ്.പി.ഒ കൾക്ക് ഉദ്യാന വിളകളുടെ മൂല്യ വർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവയുടെ വിപണന സംവിധാനം ഒരുക്കുന്നതിനും, പദ്ധതി അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം പ്രോസസ്സിംഗ്, മാർക്കെറ്റിംഗ്, വാല്യൂ അഡീഷൻ എന്നീ ഇനങ്ങളിലായി A കാറ്റഗറി എഫ്.പി.ഒ യ്ക്ക്15 ലക്ഷം, B കാറ്റഗറി എഫ്.പി.ഒ യ്ക്ക്10 ലക്ഷം, C കാറ്റഗറി എഫ്.പി.ഒ യ്ക്ക്5 ലക്ഷം, ഫാം പ്ലാൻ എഫ്.പി.ഒ കൾക്ക്-5 ലക്ഷം എന്ന വ്യവസ്ഥയിൽ ധനസഹായം നൽകിവരുന്നു.

c) നിലവിലുള്ള കർഷക ഉത്പാദക സംഘടനകളുടെ പുനരുദ്ധാരണം (Revamping of FPOs)

മൂന്ന് വർഷത്തിനു മേൽ പ്രവർത്തിച്ചുവരുന്ന എഫ്.പി.ഒ-കൾക്ക് അവരുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായുള്ള ധനസഹായ പദ്ധതിയാണിത് . പ്രൊജക്ട് അടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് എഫ്.പി സി കൾക്ക് സബ്സിഡി തുക അനുവദിക്കുന്നു.

(d) ഫാം പ്ലാൻ വികസന പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കർഷക ഉത്പാദക സംഘടനകൾക്ക് നൽകുന്ന പിന്തുണ സഹായം :

ഫാം പ്ലാൻ വികസന പദ്ധതിയുടെ ഭാഗമായി 100 കർഷക ഉത്പാദക സംഘടനകൾ സംസ്ഥാനത്ത് രൂപീകരിച്ചതിൽ നിലവിൽ 67 എണ്ണം സജീവമായി പ്രവർത്തിച്ചു വരുന്നു. ഫാംപ്ലാൻ പദ്ധതിയുടെ ഭാഗമായി ഉൽപാദനം, മൂല്യവർദ്ധനം, വിപണനം എന്നിവ ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള FPOകളുടെ സംരംഭങ്ങൾക്കും ശാക്തീകരണത്തിനുമായി 2022-23-ൽ 187.28019 ലക്ഷം രൂപ,2023-24-ൽ 251.06221 ലക്ഷം രൂപ, 2024-25-ൽ 92.5902 ലക്ഷം രൂപ 2025-26-ൽ 175ലക്ഷം രൂപ എന്നീ ചേർത്ത് ആകെ 705.9326 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപന ശേഷി വർദ്ധിപ്പിക്കൽ, നിലനിൽപ്പിന്റെ ഉറപ്പ്, ഉത്പന്ന വികസനം, ബ്രാൻഡിംഗ്, ലേബലിംഗ്, മാർക്കറ്റിംഗ് എന്നിവ ലക്ഷ്യമാക്കി നിലവിലുള്ള FPOകളുടെ ശാക്തീകരണത്തിന് പിന്തുണ നൽകി വരുന്നു. ഇതിലൂടെ ഈ FPO-കളെ ബിസിനസ്അധിഷ്ഠിത സ്വയംപര്യാപ്ത സംഘടനകളായി വളരാൻ സഹായിക്കുക എന്നതോടൊപ്പം ഗ്രാമീണ സാമ്പത്തിക വികസനവും ലക്ഷ്യമിടുന്നു. കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായം നൽകിവരുന്നു.

2) **<u>Kerala Climate Resilient agri Value Chain Modernisation (KERA)</u>** പദ്ധതി

KERA പ്രോജക്ടിൽ ഉൾപ്പെടുത്തി Productive Alliances മുഖേന കാർഷിക ഉത്പാദക കമ്പനികളെയും കാർഷിക മേഖലയിലെ സംരംഭങ്ങളെയും (Agri Business Partners) തമ്മിൽ ബന്ധിപ്പിച്ച് വിപണന ബന്ധങ്ങൾ ശാക്തീകരിക്കുന്നതിനും കാർഷിക ഉത്പ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കർഷക ഉത്പാദക കമ്പനികൾക്ക് വിപുലമായ വിപണന സൌകര്യങ്ങൾ ഉറപ്പാക്കുക, ഗുണമേന്മയുള്ള കാർഷിക ഉത്പ്പന്നങ്ങൾ ന്യായവിലയ്ക്ക് സ്ഥിരമായി

സംഭരിക്കാൻ താത്പര്യമുള്ള കാർഷിക സംരംഭങ്ങളുമായി അവയെ ബന്ധിപ്പിക്കുക എന്നിവയാണ് Productive Alliances പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ ഭാഗമായി 148 കർഷക ഉത്പാദക കമ്പനികകളിൽ നിന്നും 174 കാർഷിക ബിസിനസ്സ് സംരംഭങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ചു വരുന്നു.

3) 10000 FPO പദ്ധതി :

കേന്ദ്ര സർക്കാരിൻറെ പതിനായിരം FPO പദ്ധതിയുടെ ഭാഗമായും സംസ്ഥാനത്ത് FPO കൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ